സ്ഥാപിച്ചു നൽകിയതിന് 2 പ്രൊജക്ടുകളിലും ഉൾപ്പടെ 4,16,000/- മേൽ വൗച്ചറുകൾ പ്രകാരം പ്രവൃത്തി ഏറ്റെടുത്ത IRTC മുണ്ടൂരിന് നൽകിയിട്ടുണ്ട്. 2 പ്രൊജക്ടുകളും പ്രകാരം IRTC യുമായി PIU/048/23-24, 15.3.2024 പ്രകാരം കരാർ വെച്ചിട്ടുണ്ട്. പ്രൊജക്ടുകൾക്ക് ആകെ അടങ്കൽ തുക 9,49,000 രൂപയുണ്ട്. സർക്കാർ ഉത്തരവ് (പി) നമ്പർ 113/19 /ടി.ഡി. തീയ്യതി. 24.07.2019 പ്രകാരം കരാർ പത്രിക ആകെ അടങ്കൽ തുകയുടെ 0.1% മൂല്യമുള്ള മുദ്രപേപ്പറിലായിരിക്കണം (മിനിമം 200 മാക്സിമം 1 ലക്ഷം) എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിക്കായി 200 രൂപയുടെ മുദ്രപേപ്പറിലെ കരാർ പത്രികയാണ് തയ്യാറാക്കിയിട്ടുള്ളത്.
അപാകത ഓഡിറ്റ് എൻകൃയറി നമ്പർ-7/13.8.2026 മുഖേന ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ലഭ്യമാക്കിയ മറുപടിയിൽ, രണ്ടു പ്രൊജക്ടുകൾക്കും കൂടി ഒരുമിച്ചാണ് കരാർ വെച്ചിട്ടുള്ളതെന്നും അടങ്കൽ തുകയുടെ 1% മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കണമെന്ന വസ്തുത ശ്രദ്ധയിൽ പ്പെടാതിരുന്നതിനാലാണ് അപാകത സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്.അക്രെഡിറ്റഡ് ജൻസികളുമായി കരാർ വെയ്ക്കുന്നതിൽ മേൽ സർക്കാർ ഉത്തരവു പ്രകാരമുള്ള നിർദേശങ്ങൾ പാലിയ്ക്കേണ്ടതും അപാകത ആവർത്തിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കേണ്ടതുമാണ്.

1-25 മുൻകൂർ തുകകൾ ക്രമീകരിച്ചില്ല.

മുൻകൂർ രജിസ്റ്റർ, കെ-സ്മാർട്ട് സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് താഴെ പറയുന്ന മുൻകൂർ നൽകിയ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ.

ക്രമനമ്പർ	ഇനം	നൽകിയ തുക	വൗച്ചർനമ്പർ	ക്രമീകരിച്ചത്	ബാക്കി
1	കണ്ടിജന്റ് ചെലവുകൾ-ഐസിഡിഎസ് സൂപ്പർവൈസർക്ക്ക്ക് നൽകിയത്	10000	25000948/13.3.26	0	10000
2	വാർഡ് തല ശുചിത്വ മിഷൻ ഫണ്ട് മെഡിക്കൽ ഓഫീസർ എഫ് എച്ച്സിക്ക് നൽകിയത്	1,60,000	225000201/05.08.25	1,10,000	50,000
				ആകെ	60,000

ഇതു സംബന്ധിച്ച് നമ്പർ 10/14.8.26 പ്രകാരം ഓഡിറ്റ് എൻകൃയറി നൽകിയിരുന്നു.ഓഡിറ്റ് എൻകൃയറിക്ക് നൽകിയ മറുപടിയിൽ ക്രമനമ്പർ 2 വാർഡ് തല ശുചിത്വ മിഷൻ ഫണ്ട് വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ള 50,000രൂപ 2026-27 വർഷത്തിൽ ഉപയോഗിക്കാവുന്നതാണെന്ന് മെഡിക്കൽ ഓഫീസർ കത്തു നൽകിയതായി അറിയിച്ചു. മേൽ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 60,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-26 ലൈബ്രറി സെസ്സ് തുക സമയബന്ധിതമായി അടവാക്കിയില്ല.

സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക ഓരോ അർദ്ധ വർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/I3/ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ 2024-25 വർഷത്തെ 2ാം ഗഡു (2024-25 ലെ 2ാം അർദ്ധവർഷം) ലൈബ്രറി സെസ്സ് തുക അടവാക്കിയതിൽ മേൽ സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. തുക തനത് ഫണ്ടിൽ നിന്നും അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

.പിരിച്ചെടുത്ത തുക (₹)	അടവാക്കേണ്ട തിയ്യതി	അടവാക്കിയ തിയ്യതി (വൗച്ചർ നമ്പർ / തിയതി)
2,52,013	30.4.26	വൗച്ചർ നം:25000292/9.9.26

ലൈബ്രറി സെസ്സ് തുക സമയബന്ധിതമായി അടവാക്കിയിട്ടില്ല.മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 11/14.8.24 പ്രകാരം ഓഡിറ്റ് എൻകൃയറി നൽകിയിരുന്നു.സോഫ്റ്റ് വെയറിൽ അപ്ഡേഷൻ വരുന്നതിന് താമസം നേരിട്ടതിനാലാണ് ലൈബ്രറി സെസ്സ് അടവാക്കുവാൻ വൈകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.ലൈബ്രറി സെസ്സ് സമയബന്ധിതമായി അടവാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-27 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല.

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട

യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തെ പദ്ധതി ചർച്ച ചെയ്യുന്നതിന് രണ്ട് യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുക മാത്രമാണ് മേൽ യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതുമാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു. കൂടാതെ നിർവഹണ ഉദ്യോഗസ്ഥർ ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകളോടൊപ്പവും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 12/14.8.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

1-28 പൊൻകിരണം ആരോഗ്യ സംരക്ഷണം-കൗമാരം മുതൽ വാർധക്യം വരെ-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

സമൂഹത്തിലെ കൗമാരം മുതൽ വാർധക്യം വരെയുള്ള അടിയന്തിര ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.പൊൻകിരണം ആരോഗ്യ സംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ/പേര്	118/2025-26, പൊൻകിരണം ആരോഗ്യ സംരക്ഷണം-കൗമാരം മുതൽ വാർധക്യം വരെ
അടങ്കൽ	5,00,000 രൂപ (തനത് ഫണ്ട്)
ചെലവ്	2,30,400 രൂപ
വൗച്ചർ നമ്പർ/തിയതി	P-G10206-25000574/19.12.25
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ എഫ് എച്ച് സി

മേൽ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്നവർക്ക് തുക അനുവദിച്ച നൽകിയിട്ടുണ്ട്.ഒരു മണിക്കൂറിന് 200 രൂപ പ്രകാരം പ്രതിദിനം നാല് മണിക്കൂർ ജോലി ചെയ്യുന്നതിന് 800 രൂപയും ആഴ്ചയിൽ നാല് ദിവസത്തിന് 3200 രൂപ ഉൾപ്പടെ (പ്രതിമാസം 12,800 രൂപ നിരക്കിൽ) ആകെ 76,800 രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. 4/2025 മുതൽ 9/2025വരെ മാസങ്ങളിലെ തുകയാണ് അനുവദിച്ചത്.

ക്രമനമ്പർ	പേര്	അനുവദിച്ച തുക
1	ശ്രീ. ജിഷാദ് കെ പി	76,800
2	ശ്രീമതി. ദിവ്യ എസ്	76,800
3	ശ്രീമതി. ജഹാന ഷെറിൻ	76,800
	ആകെ	2,30,400

അപാകതകൾ

1 സർക്കാർ ഉത്തരവ് (കൈ)നമ്പർ 115/2022/ത.സ്വ.ഭ.വ തിയതി 28.5.22, ഖണ്ഡിക 8.6 പ്രകാരം സർക്കാറിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല എന്നും എന്നാൽ ഏതെങ്കിലും ഒരു നൂതന പ്രോജക്ട് നടപ്പിലാക്കുന്നതിന് സാങ്കേതിക പരിചയമുള്ളവരുടെ സേവനം അത്യന്താപേക്ഷിതമാണെങ്കിൽ ഓണറേറിയം തുകയുടെ നിരക്ക് ഉൾപ്പെടെയുള്ളവക്ക് നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മറ്റിയിൽ നിന്നും അംഗീകാരം വാങ്ങി പരമാവധി 6 മാസം ഓണറേറിയം വ്യവസ്ഥയിൽ അത്തരം ജീവനക്കാരെ നിയോഗിക്കാവുന്നതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമ പഞ്ചായത്ത് നൂതന പദ്ധതിയായി നടപ്പാക്കിവരുന്ന ഈ പദ്ധതിയിൽ ദിവസ വേതനാടിസ്ഥാനത്തിൽ 6 മാസത്തിൽ കൂടുതൽ 4 ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിലും അവർക്ക് നൽകുന്ന വേതന നിരക്ക്, യോഗ്യത എന്നിവ സംബന്ധിച്ച് നൂതന പ്രോജക്ടുകൾക്ക് വേണ്ടിയുള്ള ജില്ലാതല കമ്മറ്റിയിൽ നിന്നും അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

2 കൗൺസിലർമാരുടെ ഹാജർ ബുക്ക് പരിശോധനക്ക് ഹാജരാക്കിയില്ല.മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്.

3 പരിശീലകരുടെ ജോലിയുടെ വിശദാംശങ്ങൾ കാണിക്കുന്ന് ക്ലിനിക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നമ്പർ 13/17.8.26 പ്രകാരം ഓഡിറ്റ് എൻകൃയറി നൽകിയിരുന്നു.
ഓഡിറ്റ് എൻകൃയറിക്ക് താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.
1 കൗൺസിലർമാരുടെ യോഗ്യത ,പ്രവത്തി പരിചയം എന്നിവ നേരത്തെ പരിശോധിച്ചിട്ടുള്ളതാണ്.
2 നൂതന പ്രോജക്ട് എന്ന നിലയിൽ ബഹു വർഷ പ്രോജെക്ട് ആയാണ് പദ്ധതി നടപ്പിലാക്കിയത്.ആയതിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.ഭാവിയിൽ അനുമതി വാങ്ങി മാത്രമെ പദ്ധതി നടപ്പിലാക്കുകയുള്ളൂ.
കൗൺസിലർമാരുടെ യോഗ്യത ,പ്രവൃത്തി പരിചയം എന്നിവ ഉൾപ്പെടുത്തിയ ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ക്ലിനിക്ക് രജിസ്റ്റർ , ഹാജർ ബുക്ക് തുടങ്ങിയ രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.മെഡിക്കൽ ഓഫീസർ കാഷ്ബുക്കും പരിശോധനക്ക് ഹാജരാക്കിയില്ല.വ്യക്തമായ മോണിറ്ററിംഗ് നിർവഹിച്ചതായും കാണുന്നില്ല.ആയതിനാൽ ചെലവ് തുക 2,30,400 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-29 വനിതാ സൗഹൃദ ഗ്രാമം-മെൻസ്ട്രൽ കപ്പ് വിതരണം-വിതരണ രേഖകൾ ഹാജരാക്കിയില്ല.

വനിതാ സൗഹൃദ ഗ്രാമം- മെൻസ്ട്രൽ കപ്പ് വിതരണം എന്ന പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പ്രൊജക്ട് നമ്പർ/പേര്	159/2025-26 വനിതാ സൗഹൃദ ഗ്രാമം-മെൻസ്ട്രൽ കപ്പ് വിതരണം
അടങ്കൽ	30,000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	29,811 രൂപ
വൗച്ചർ നമ്പർ/തിയതി	XVFC/2025-26/P/50 തി.10.2.2026
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)

HLL LIFE CARE LIMITED തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം മെൻസ്ട്രൽ കപ്പുകൾ (മീഡിയം)വാങ്ങിയിട്ടുണ്ട്.(ഇൻവോയ്സ് നമ്പർ 9423061903/19.1.26)

എണ്ണം	വില	CGST	SGST	ആകെ വില
106	267.85	709.80	709.80	29,811

മെൻസ്ട്രൽ കപ്പുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് നമ്പർ 14/17.8.26 പ്രകാരം ഓഡിറ്റ് എൻകൃയറി നൽകിയിരുന്നു.ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയില്ല.എന്നാൽ ചോലപ്പുറം സബ് സെന്ററിൽ പത്തും എഫ് എച്ച് സി പൊന്മുണ്ടത്ത് 38 ഉം മെയിൻ സെന്ററിൽ 19 ഉം ചിലവിൽ സബ്സെന്ററിൽ 19 ഉം മെൻസ്ട്രൽ കപ്പുകൾ വിതരണം ചെയ്തതിന്റെ സാക്ഷ്യപ്പെടുത്താത്ത രേഖകൾ പരിശോധനക്ക് ഹാജരാക്കി. മുഴുവൻ മെൻസ്ട്രൽ കപ്പുകളും വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ മുഴുവൻ രേഖപ്പെടുത്തിയ സാക്ഷ്യപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 29,811 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-30 മുൻകൂർ നൽകിയ തുകകൾക്കുള്ള മരുന്നുകൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ ചുവടെ കൊടുത്ത പദ്ധതികൾ പരിശോധിച്ചപ്പോൾ മരുന്നിനായി കെ.എം.എസ്.സി.എല്ലിനും സപ്ലൈക്കോ തിരുരിനും പണം അനുവദിച്ചിട്ടുണ്ടെങ്കിലും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല എന്ന് കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1.പ്രൊജക്ട്: പരിരക്ഷ ഹോം കെയർ പദ്ധതി(84/25-26)

അടങ്കൽ: 1255221- 400000(ബ്ലോക്ക് ഷെയർ),200000 (തനത് ഫണ്ട്), 655221(വികസന ഫണ്ട് ജനറൽ)

ചെലവ്: 798739- 100000(ബ്ലോക്ക് ഷെയർ), 110382 (തനത് ഫണ്ട്), 588357 (വികസന ഫണ്ട് ജനറൽ)

ബിആർ എൻ നമ്പർ 251505520434013374 14/1.2.26തുക 100000

പ്രൊഫോമ നമ്പർ:PRF 1906/10.12.2025 തുക 100000

ലഭ്യമായ മരുന്നിന്റെ വിവരം പരിശോധനക്ക് നൽകേണ്ടതാണ്.

2.പ്രൊജക്ട്: പി എച്ച് സി യിലേക്ക് മരുന്ന വാങ്ങൽ(112/25-26)

അടങ്കൽ: 300000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്: 298319 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബി.ആർ.എൻ: 25150552043400562888/9.9.25 തുക 292575

പ്രൊഫോമ നമ്പർ:PRF 917/1.9.25 തുക 292575

ബിആർ എൻ നമ്പർ 25150552043400941105/24.11.25 5744രൂപ

പ്രൊഫോമ നമ്പർ:S/1002301/064/25-26 തി. 10.9.25 സപ്ലൈക്കോ തിരൂർ 5744രൂപ

ലഭ്യമായ മരുന്നിന്റെ വിവരം:

ക്രമ നം.	ഇൻവോയ്സ് നമ്പർ	തുക
1	21/2.4.26	14931
2	544/25.5.26	85883
ആകെ തുക		100814

197505/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

3. സമഗ്ര ആരോഗ്യ ചികിത്സാ പദ്ധതി(98/25-26)

അടങ്കൽ: 400000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്: 400000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബി.ആർ.എൻ: 25150552043401103451/1.1.26 തുക 400000

പ്രൊഫോമ നമ്പർ:PRF 1966/19.12.2025 തുക 400000

ലഭ്യമായ മരുന്നിന്റെ വിവരം ഓഡിറ്റ് പരിശോധനക്ക് നൽകേണ്ടതാണ്.

4.പ്രൊജക്ട്: ജീവിതശൈലീ രോഗബാധിതർക്ക മരുന്നു വിതരണം(82/25-26)

അടങ്കൽ: 400000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്: 400000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിആർഎൻ നമ്പർ 25150552043401103473/1.1.26തുക 400000

പ്രൊഫോമ നമ്പർ:PRF 2025/30.12.2025 തുക 400000

ലഭ്യമായ മരുന്നിന്റെ വിവരം പരിശോധനക്ക് നൽകേണ്ടതാണ്

മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അല്ലാത്തപക്ഷം മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരവും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 15/17.8.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ക്രമനമ്പർ 2 പ്രകാരം മരുന്ന് ഭാഗികമായി ലഭിച്ച രേഖകൾ മാത്രമാണ് ഹാജരാക്കിയത്.

2024-25 വർഷം കെഎംസി എല്ലിൽ പണമടവാക്കിയെങ്കിലും 615634 (133036+64414+32498+385686)രൂപയുടെ മരുന്നുകൾ നാളിതുവരെയായി ലഭ്യമായിട്ടില്ലെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-31 വസ്തു നികുതി പരിഷ്കരണം-കെട്ടിങ്ങളുടെ വിവരശേഖരണത്തിന് തുക അനുവദിച്ചത്-പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

ഫയൽ നമ്പർ 5484100-2025

സെക്രട്ടറി നിർവ്വഹണം നടത്തിയ വസ്തുനികുതി പരിഷ്കരണം കെട്ടിടങ്ങളുടെ വിവരശേഖരണത്തിന് ഏജൻസിക്ക് തുക കൈമാറൽ എന്ന പദ്ധതി മുഖേന ഗ്രാമ പഞ്ചായത്തിൽ GIS Mapping, Building Survey, Street Light Mapping,Asset Mapping, ഡ്രോൺമാപ്പിംഗ് , വെബ് കോൺഫിഗരേഷൻ, ഡാറ്റാ ഇന്റഗ്രേഷൻ എന്നിവക്കായി മുൻ വർഷത്തിൽ 452176 രൂപ നൽകിയിരുന്നു.മുഴുവൻ കെട്ടിടങ്ങളുടെയും വിവര ശേഖരണം ജി ഐ എസ് മാപ്പിംഗിലൂടെ നടത്തി ഡാറ്റ കെ-സ്മാർട്ട് സോഫ്റ്റ് വെയറുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനും കെട്ടിടങ്ങളുടെ വിവരശേഖരണത്തിനുമായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് 181720 രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട് .6.1.25ലെ 3(1) ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം മേൽ പ്രൊജെക്ടിന്റെ നിർവഹണത്തിനായി ഊരാളുങ്കൽ സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും 13.3.25 പ്രകാരം സൊസൈറ്റിയുമായി 999979 രൂപക്ക് കരാറിലേർപ്പെടുകയും ചെയ്തിരുന്നു.6003 കെട്ടിടങ്ങളുടെ ബിൽഡിംഗ് പ്രോപ്പർട്ടി സർവേ പൂർത്തീകരിച്ചതായി സ്ഥാപനം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാർ പ്രകാരമുള്ള തുക തികയാതെ വന്നതിനാൽ ബേസ് മാപ്പിംഗ് കൂടി ഉൾപ്പെടുത്തി പദ്ധതി ഭേദഗതി ചെയ്ത് 801362 രൂപ കൂടി അധികമായി വകയിരുത്തുകയും 13.3.26 ന് സ്ഥാപനവുമായി സപ്ളിമെന്ററി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

വൗച്ചർ നമ്പർ P-G101206-25000443/7.11.1015

പ്രോജക്ട്	അടങ്കൽ	ഇൻവോയ്സ്	ചെലവ്	വൗച്ചർ നമ്പർ

വസ്തുനികുതി പരിഷ്കരണം കെട്ടിടങ്ങളുടെ വിവരശേഖരണത്തിന് ഏജൻസിക്ക് തുക കൈമാറൽ (213/25-26) സ്പിൽ ഓവർ	633756 വികസന ഫണ്ട്	ULC/25-26/232/7.10.25 തനത് ഫണ്ട്	57820	191720
	715409 തനത് ഫണ്ട്	ULC/25-26/1342/15.9.25 തനത് ഫണ്ട്	123900	
	ആകെ		181720	

1.ഡാറ്റാ അനാലിസിസ് ,വെബ് ജി.ഐ.എസ് പോർട്ടൽ ,ഡ്രോൺ സർവ്വേ (9.16.OTH) എന്നിവ പൂർത്തിയാക്കി ഊരാളുങ്കൽ ലേബർ കോൺട്രാക്ട്ട് സൊസൈറ്റി ഇൻവോയ്സ് സമർപ്പിച്ച പ്രകാരം 4,52,176 രൂപ മുൻ വർഷം കൈമാറിയിട്ടുണ്ട്.മേൽ പ്രവൃത്തികൾ പൂർത്തിയായതിന്റെ വിവരം ലഭ്യമായിട്ടില്ല.ആയത് മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

2 ഓഡിറ്റ് വർഷത്തിൽ 1500+700=2200 കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനാണ് തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചത്.എന്നാൽ ആയതിന്റെ പൂർത്തികരണ വിവരം ലഭ്യമാക്കിയില്ല.പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 16/17.8.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പ്ലാൻ ഫണ്ടിന്റെ മൂന്നാം ഗഡു അനുവദിക്കാത്തതിനാലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും ബിൽ തുക അനുവദിക്കാൻ ബാക്കിയുള്ളതിനാലും പ്രൊജെക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചു.പ്രവൃത്തിയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.ചെലവ് തുക 1,81,720 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

1-32 കുടിവെള്ള വിതരണം- അപാകതകൾ

ഫയൽ നമ്പർ-4264015-2025

സെക്രട്ടറി നിർവ്വഹണം നടത്തിയ വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം എന്ന പദ്ധതി മുഖേന താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട്	വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം (10/25-26)	
നിർവ്വഹണം	സെക്രട്ടറി	
അടങ്കൽ	112000	
ഫണ്ട്	തനത് ഫണ്ട്	
	ചെലവ്	വൗച്ചർ നമ്പർ
	110880+1120 IT	P-G101206-25000373/22.10.25
ആകെ	112000	

സർക്കാർ ഉത്തരവ് (സാധാ)നമ്പർ 605/2025/ത.സ്വ.ഭ.വ തീയതി 4.3.25 പ്രകാരം ഗ്രാമ പഞ്ചായത്ത് കുടിവെള്ളം ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ടെണ്ടർ മുഖേന ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (ലിറ്ററിന് 56 പൈസ) ശ്രീ. അബ്ദുൾ കരീം. എന്ന കരാറുകാരനെ ചുമതലപ്പെടുത്തുകയും **KL56-C 9516** എന്നീ വാഹനത്തിൽ താഴെ പറയും പ്രകാരം കുടിവെള്ള വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

തീയതി	വിതരണം നടത്തിയ കുടിവെള്ളം	കരാറുകാരൻ
13.5.25 മുതൽ 19.5.25 വരെ	200000 ലിറ്റർ	ശ്രീ. അബ്ദുൾ കരീം.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സർക്കാർ ഉത്തരവ് (സാധാ)നമ്പർ 605/2025/ത.സ്വ.ഭ.വ തീയതി 4.3.25 ഖണ്ഡിക 2 പ്രകാരം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മാത്രമാണ് കുടിവെള്ള വിതരണം നടത്തേണ്ടത്. റവന്യൂ വകുപ്പോ കേരള വാട്ടർ അതോറിറ്റിയോ ജലജീവൻ തുടങ്ങിയ പദ്ധതികൾ വഴി കുടിവെള്ള വിതരണം നടത്തുന്ന പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം കുടിവെള്ള വിതരണം നടത്തേണ്ടതില്ല.ഇതു സംബന്ധിച്ച് ഏതെല്ലാം പ്രദേശങ്ങളിൽ ജലവിതരണം നടത്തണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം തീരുമാനമെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല.

2.വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ ഗുണനിലവാരം ഉറപ്പ് വരുത്തി വിതരണം ചെയ്യേണ്ടതാണ്.പുറപ്പെട്ട സ്ഥലം, എത്തിച്ചേർന്ന സ്ഥലം എന്നിവ രേഖപ്പെടുത്തിയ 15.5.25 മുതൽ 19.5.25 വരെ കാലയളവിലെ ജി.പി.എസ് ലോഗ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ജിപിഎസ് ട്രാക്കിംഗ് അടിസ്ഥാനമാക്കിയുള്ള മോണിറ്ററിംഗ് ജില്ലാ ജോയിന്റ് ഡയറക്ടർ നിർവഹിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3 വെള്ളം വിതരണം നടത്തിയതിന്റെ റൂട്ട് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയത് ഉത്തരവാദിത്തപ്പെട്ടവർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.കുടിവെള്ള വിതരണം കൃത്യമായി മോണിറ്ററിംഗ് ചെയ്തിട്ടില്ല. വാർഡ് മെമ്പർമാർ, ചുമതലയുള്ള ഉദ്യോഗസ്ഥർ, ഗുണഭോക്താക്കൾ തുടങ്ങിയവരിൽ നിന്നും ഇത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 17/17.8.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തന്നെയാണ് കുടിവെള്ള വിതരണം നടത്തിയതെന്നും ഗ്രാമ പഞ്ചായത്ത് ഇതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.അഞ്ച് ദിവസങ്ങളിലെ ടിപ്പ് ഷീറ്റ് ലഭ്യമായിട്ടില്ലെന്നും അറിയിച്ചു.മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 112000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-33 ഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ-രേഖകൾ ഹാജരാക്കിയില്ല.

ഫയൽ നമ്പർ -1505551-2026

സെക്രട്ടറി നിർവ്വഹണം നടത്തിയ ഹൈമാസ്റ്റ്/ മിനി മാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ഇ സി എഞ്ചിനീയറിംഗ് കമ്പനി കടമ്പോട് എന്ന കരാർ കമ്പനിയെ ഇ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുകയും ചുമതലപ്പെടുത്തുകയും Sec 61/26 തി. 3.11.25 നമ്പർ പ്രകാരം കരാർ ചമക്കുകയും താഴെ പറയും പ്രകാരം തുക ചെലവഴിക്കുകയും ചെയ്തു.

സാങ്കേതികാനുമതി നമ്പർ 633/25.8.25

പ്രോജക്ട്	അടങ്കൽ	റിപ്പയർ ചെയ്തതിന്റെ വിവരം	വൗച്ചർ നമ്പർ	ചെലവഴിച്ച തുക
ഹൈമാസ്റ്റ് /മിനി മാസ്റ്റ് ലൈറ്റുകളുടെ റിപ്പയർ (61/25-26)	600000 CFC	ഇസി എഞ്ചിനീയറിംഗ് കമ്പനി റിപ്പയർ ചെയ്തത്. ഹൈമാസ്റ്റ് ലൈറ്റ് 180W-4എണ്ണം 120w – 26 എണ്ണം	XVFC/25-26/P/63/26.3.26	4,96,449

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഹൈമാസ്റ്റ് / മിനിമാസ്റ്റ് ലൈറ്റുകൾ പഴയത് മാറ്റി സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ഫയലിൽ ഇല്ല.

2. ഗ്രാമ പഞ്ചായത്ത് മെമ്പർമാരുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

3.തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കണം. ഒരു Maintainance Register സെക്രട്ടറി സൂക്ഷിക്കണം. ആയതിന്റെ കൃത്യത ഉറപ്പാക്കണം. ആയത് പാലിച്ചിട്ടില്ല.

4)കേടുവന്ന 30 ലൈറ്റുകളും അനുബന്ധ ഉപകരണങ്ങളും 1540 രൂപ വില കണക്കാക്കി തിരിച്ചേൽപ്പിച്ചതായി ഫയലിൽ കാണുന്നു. എന്നാൽ അവ ലേലം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

5) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ഡി.എ3/2011/തസ്വഭവ. സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി ലഭ്യമാക്കിയ വിവരം ഫയലിൽ ഇല്ല.

6) സർക്കുലർ നമ്പർ 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ, വാട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല.

7) മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 24/18.8.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

1 ഹൈമാസ്റ്റ്,മിനി മാസ്റ്റ് വിളക്കുകളുടെ റിപ്പയറുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ്.

2 തകരാറിലായ പഴയ ലൈറ്റുകളുടെയും അനുബന്ധ സാമഗ്രികളുടെയും വിവരം രജിസ്റ്ററിൽ ചേർത്ത് ഹാജരാക്കുന്നതാണ്.

3 പഴയ ലൈറ്റുകൾ ലേലം ചെയ്ത് വിവരം അറിയിക്കുന്നതാണ്.

4 ഭാവിയിൽ കെ എസ് ഇ ബിയുടെ അനുമതിയോടെ മാത്രമെ സമാന പ്രവൃത്തികൾ ചെയ്യുകയുള്ളൂ.

5 തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ സംയുക്ത പരിശോധന നടത്തി കാലികമാക്കി വിവരം അറിയിക്കുന്നതാണ്.

6 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ സൂക്ഷിക്കുന്നതാണ്. മറുപടി അംഗീകരിക്കുന്നു. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 496449 രൂപ തടസ്സം ചെയ്യുന്നു.

1-34 വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -രേഖകൾ ലഭ്യമാക്കിയില്ല.

ഫയൽ നമ്പർ -1505540-2026

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി അൻസാരി കൺട്രക്ഷൻ കോമറ്റ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് കമ്പനി ,കോട്ടക്കൽ എന്ന സ്ഥാപനത്തെ ഇ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് Sec 61/26 തി. 12.3.26 നമ്പർ കരാർ പ്രകാരം തുക ചെലവഴിക്കുകയും ചെയ്തു.

വൗച്ചർ നമ്പർ P-G101206-25001047/9.3.26

പ്രോജക്ട്	അടങ്കൽ	ഇൻവോയ്സ്	വൗച്ചർ നമ്പർ	ചെലവഴിച്ച തുക
വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ (56/25-26)	300000 CFC	25-2658/26.3.26	XVFC/25-26/P/69/28.3.26	2,19,629

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വർക്ക് കരാർ പ്രകാരം 8 120W LED FLOOD LIGHT (രണ്ട് എണ്ണം) സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ലൈറ്റുകൾ സ്ഥാപിച്ചത് എന്ന് വ്യക്തമല്ല. നിലവിൽ തെരുവു വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായി പ്രവർത്തന ക്ഷമമായിട്ടുണ്ടോ എന്നു വ്യക്തമാക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്ത് മെമ്പർമാരുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ഡി.എ3/2011/തസ്വഭവ. സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് തെരുവ് വിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങാതെയാണ്.

4) സർക്കുലർ നമ്പർ 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ, വാട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല.

5) മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 25/18.8.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
1 മിനി മാസ്റ്റ് ലൈറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് സർവീസ് കണക്ഷൻ ചാർജ് കെ എസ് ഇബിയിൽ അടവാക്കിയെങ്കിലും കണക്ഷൻ നാളിതുവരെ ലഭിച്ചിട്ടില്ല.
2 ലൈറ്റുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വാർഡു മെമ്പർമാരിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണ്.
3 മിനി മാസ്റ്റ് ലൈറ്റുകൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.
4 കെ എസ് ഇ ബിയിൽ സൂപ്പർവിഷൻ ചാർജ് അടവാക്കിയ ശേഷമാണ് പ്രവൃത്തി ചെയ്തത്.ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.
5 തെരുവ് വിളക്കുകൾ സംബന്ധിച്ച സംയുക്ത പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.
6 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ സൂക്ഷിക്കുന്നതാണ്.
മറുപടി അംഗീകരിക്കുന്നു.മോണിറ്ററിംഗിന്റെ അഭാവത്താൽ ചെലവ് തുക 219629 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-35 സ്ട്രീറ്റ് മെയിൻ വലിക്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഫയൽ നമ്പർ-5282983-2025

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് മെയിൻ വലിക്കൽ (46/25-26) എന്ന പദ്ധതി പ്രകാരം 300000 രൂപ അടങ്കലിൽ 2,19,629 രൂപയും (207/25-26) എന്ന പദ്ധതി പ്രകാരം 33,250 രൂപയും താഴെ പറയും പ്രകാരം പൊന്മുണ്ടം കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷന് അടവാക്കിയിട്ടുണ്ട്.

പ്രൊജക്ട് നമ്പർ/ തിയതി	ബിൽ /വൗച്ചർ നമ്പർ	ചെലവ്	വിനിയോഗിച്ചത്	ബാക്കി
207/25-26	25150552006001399263 തി.3.3.26	33,250	0	33,250

വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ രണ്ടാംഘട്ടം സ്പിൽ ഓവർ സിഎഫ് സി				
46/25-26 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ സിഎഫ് സി	P-G101206-25000465/18.11.25	300000	0	300000
	ആകെ	3,33,250		3,33,250

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് (കൈ)84/2022 ത.സ്വ.ഭ.വ തിയതി.19.4.22 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.2.ഡി(Iv) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും നിക്ഷേപ പ്രവൃത്തികളുടെ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ വിവരം ലഭ്യമാക്കിയിട്ടില്ല.

3.വിവിധ വാർഡുകളിലായി സ്ട്രീറ്റ്മെയിൻ വലിക്കേണ്ട റോഡുകളുടെ വിവരം ഗ്രാമപഞ്ചായത്ത് കെഎസ്ഇബിക്ക് നൽകിയിട്ടുണ്ട്(400912/DPDC02/2024-1തി. 14.3.25).കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിക്കായി ആകെ 333250 രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല.

4 ഗ്രാമ പഞ്ചായത്ത് ഈ പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി കരാർ ചമച്ചതിന്റെ രേഖകൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് നമ്പർ 26/18.8.26 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് താഴെ പറയും പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

1 ഭാവിയിൽ പ്രവൃത്തികൾ നിർവഹിക്കുമ്പോൾ കെ എസ് ഇ ബിയുമായി കരാർ ചമക്കുന്നതാണ്.
2 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ എസ് ഇ ബിക്ക് കത്തു നൽകിയിട്ടുണ്ട്.
3 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കുന്നതാണ്.
വ്യക്തമായ മോണിറ്ററിംഗിന്റെയും ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ ചെലവ് തുക 3,33,250 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം –2

വരവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –3

ചെലവ്–വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം –4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4–1 മെഡിസെപ് പ്രീമിയം– ഒടുക്ക് സംബന്ധിച്ച പരിശോധന

പൊന്മുണ്ടം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേ® ക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം.*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(മാ® ച്ച് 2025-ഫെബ്രുവരി 2026).	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക.	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക.	റിമാർക്സ്.
16	99984	99984	0	-

*03/2025മുതൽ 05/2025വരെ 16 ജീവനക്കാരും 06/2025 മുതൽ 09/2025വരെ 15 ജീവനക്കാരുമാണ് ജീവനക്കാരും 10/2025 മുതൽ 02/2026വരെ 16 ജീവനക്കാരുമാണ് ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ളത്.

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ /തീയതി
2025-26	2025-26 വ® ഷത്തെ ഓഡിറ്റ് വേളയി® പരിശോധിച്ചു	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി

4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്,നമ്പർ	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത്	250000	ഭിന്നശേഷി വിദ്യാ® ത്ഥിക® ക്ക് സ്കോള® ഷിപ്,43/26	250000	0
ബ്ലോക്ക് പഞ്ചായത്ത്	150000	സോഡാ കമ്പനി റോഡ് പുനരുദ്ധാരണം വാ® ഡ് 4, 86/26	150000	0
	250000	നെരാല മുണ്ടേക്കാട് റോഡ് പുനരുദ്ധാരണം വാ® ഡ് 5,6, 92/26	250000	0
	100000	പരിരക്ഷ ഹോം കെയ® -84/26	100000	0
	526690	ഭിന്നശേഷി വിദ്യാ® ത്ഥിക® ക്ക് സ്കോള® ഷിപ്പ്, 43/26	526690	0
	16605	ക്ഷീര ക® ഷക® ക്ക് പാലിന് സബ്സിഡി നൽകൽ-73/26	16605	0

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തി	വൗച്ചർ/ബില്ല്/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ബാക്കി
കെ.എസ്.ഇ.ബി	208/26, വിവിധ വാ® ഡുകളി® സ്ട്രീറ്റ് മെയി® വലിക്ക®	25000947/16.03.26, 353711/- 25000884/007.03.26, 11760/-	365471	-	പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.	365471
കെ.എസ്.ഇ.ബി	46-വിവിധ വാ® ഡുകളി® സ്ട്രീറ്റ് മെയി® വലിക്ക®	P-G101206-25000465/18.11.25	300000	0	പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.	300000
കെ.എസ്.ഇ.ബി	207-വിവിധ വാ® ഡുകളി® സ്ട്രീറ്റ് മെയി® വലിക്ക® രണ്ടാം ഘട്ടം	25150552006001399263/03.03.26	33250	0	പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു.	33250

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-6 വായ്പ /വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	ലഭ്യമല്ല	4184920(മു® വ® ഷം ലഭിച്ചത്)	3459534	516140		2943394

4-7 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	14000000
തൻവർഷം നിക്ഷേപിച്ച തുക	ഇല്ല
ആകെ	14000000
തന്നാണ്ടിൽ പിൻവലിച്ച തുക	ഇല്ല
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	14000000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

നിക്ഷേപത്തിന്റെ വിവരം	തുക	രസീത് നം.
സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പൊന്മുണ്ടം	3500000	0020150000011 തീയതി. 11.04.2025
	5000000	0020150000012 തീയതി. 14.10.2025
	3000000	0020150000014 തീയതി. 14.10.2025
	2500000	0020150000013 തീയതി. 14.10.2025
ആകെ	14000000	

4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00		2002-03	35	ഇരട്ടിപ്പിലാവ് മണ്ണാരക്കൽ ശിവക്ഷേത്രം റോഡ്	തീർപ്പാക്കിയിട്ടില്ല
			37	പെരുമണ്ണ വില്ലേജ് ഓഫീസ് - കുന്നത്തിയാൽ റോഡ് ടാറിംഗ് - മണ്ണിട്ട് നികത്തൽ അധിക നിരക്ക്-25099	തീർപ്പാക്കിയിട്ടില്ല

2013-14		2014-15	3(1)	നിഷ്ക്രിയാസ്തികൾ - അവലോകനം	തീർപ്പാക്കിയിട്ടില്ല
2015-16		2016-17	2(1)	തൊഴിൽ നികുതി	തീർപ്പാക്കിയിട്ടില്ല

4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	83715853
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	80302276
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1903189

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
ഇല്ല			

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	146200	ശ്രീമതി. മുഹ്സിന എം കെ, കൃഷി ഓഫീസ®
1-19	93730	ശ്രീമതി. സബീന.കെ.പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-25	60,000	1 ഡോ. അൻവർ പരവേങ്ങൽ,മെഡിക്കൽ ഓഫീസർ എഫ് എച്ച് സി 50,000 രൂപ 2 ശ്രീമതി ബിസിലി ബിന്ദു,സെക്രട്ടറി 10,000 രൂപ
1-28	2,30,400	ഡോ. അൻവർ പരവേങ്ങൽ,മെഡിക്കൽ ഓഫീസർ എഫ് എച്ച് സി
1-29	29,811	ഡോ. അൻവർ പരവേങ്ങൽ , മെഡിക്കൽ ഓഫീസർ എഫ് എച്ച് സി
1-31	181720	ശ്രീമതി ബിസിലി ബിന്ദു ടി എസ് സെക്രട്ടറി

1-32	112000	ശ്രീമതി ബിസിലി ബിന്ദു ടി എസ് സെക്രട്ടറി
1-33	496449	ശ്രീമതി ബിസിലി ബിന്ദു ടി എസ് സെക്രട്ടറി
1-34	219629	ശ്രീമതി ബിസിലി ബിന്ദു ടി എസ് സെക്രട്ടറി
1-35	333250	ശ്രീമതി ബിസിലി ബിന്ദു ടി എസ് സെക്രട്ടറി
ആകെ	1903189	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

ക്രമ നം	ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1	1999-00	കെ.എസ്.എ.എം.പി.എം.14/2025(2)/22 തീ: 29.09.2022	9	
2	2000-01 (ചെലവ്)	കെ.എസ്.എ.എം.പി.എം.14/2025(3)/22 തീ: 29.09.2022	1	
3	2001-02 (ചെലവ്)	കെ.എസ്.എഎം.പി.എം.28/1351/19, തീ: 15.10.2019	1	
4	2002-03	കെ.എസ്.എഎം.പി.എം.28/1351/19, തീ: 15.10.2019	1	
5	2003-04	കെ.എസ്.എഎം.പി.എം.28/1351/19, തീ: 15.10.2019	1	
6	2008-09	കെ.എസ്.എഎം.പി.എം.14/2025(5)/22 തീ: 19.09.2022	3	
7	2009-10	എൽ.എഫ്.എം.3/1445/2010, തീ:15.11.2010	2	
8	2010-11	കെ.എസ്.എ.എം.പി.എം.14/2025(6) തീ: 29.09.2022	2	
9	2013-14	എൽ.എഫ്.എം.24/226/2015, തീ: 30.10.2015	3	
10	2014-15	കെ.എസ്.എ.എം.പി.എം.28/1585/2016, തീ: 24.11.2016	2	
11	2015-16	കെ.എസ്.എ.എം.പി.എം.28/2397/2016, തീ: 29.03.2017	2	
12	2016-17	കെ.എസ്.എ.എം.പി.എം.28/1412/2017, തി : 21.07.2018	6	
13	2017-18	കെ.എസ്.എ.എം.പി.എം.28/2982/2018, തീ: 26.07.2019	18	
14	2018-19	കെ.എസ്.എ.എം.പി.എം.28/414/2020, തീ: 24.08.2020	12	
15	2019-20	കെ.എസ്.എ.എം.പി.എം.5/246/2022, തീ: 11.04.2022	13	

16	2020-21	കെ.എസ്.എ.എം.പി.എം.5/247/2022, തീ: 11.04.2022	23	
17	2021-22	കെ.എസ്.എ.എം.പി.എം.14/3108/2022, തീ: 17.04.2023	23	
18	2021-22	കെ.എസ്.എ.എം.പി.എം.14/3108/2022, തീ: 17.04.2023	21	
19	2022-23	കെ.എസ്.എ.എം.പി.എം.14/2029/2023, തീ: 06.10.2023	27	
20	2022-23	കെ.എസ്.എ.എം.പി.എം.14/2029/2023, തീ: 05.01.2024	30	
20	2023-24	കെ.എസ്.എ.എം.പി.എം.14/1652/2024, തീ: 04.01.2025	12	
21	2024-25	കെ.എസ്.എ.എം.പി.എം.14/1956/2025, തീ: 06.01.2025	23	

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

Annexure–1

Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 4-1 dated 10-07-2026 and submitted on 13-07-2026 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2026 and Balance sheet as on 31-03-2026 , with supporting forms, of the Ponmundam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2025-2026 and Financial position of Ponmundam Grama Panchayat as on 31-03-2026

Date: 25/09/2026 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Ponmundam Grama Panchayat for the Year 2025–2026.

1.Major Observations

nil

2.Other Observations

1 Statutory notes, ratios, and comparative figures for the previous year were not included.

2.Asset register not updated ,accuracy of assets could not be verified.

3.The election deposit was not credited to the own fund.

4.Special bank account is not kept for the grant in B4 shedule

5 Special head of account is not kept for Revenue advance collection amount

6. Fixed asset valuation statement,Fixed asset depreciation calculation statement were note included

7.Amounts that are not actually income or expenditure were included in the receipt (R17)and payment statement.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പൊന്മുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2025-2026 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്